- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം : ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസുതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷിചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

- പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം : ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.): തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7,500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി: 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉല്പാദന ബോണസ് 350 രൂപയിൽനിന്ന് ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നീലേശ്വരം മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സ്ഥലം

204 (1677) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള നീലേശ്വരം കരുവാശ്ശേരിയിലെ സ്ഥലം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കുന്നതിന് മന്ത്രിസഭായോഗ തീരുമാനമുണ്ടായിട്ടും കാർഷിക യൂണിവേഴ്സിറ്റി അധികൃതർ സ്ഥലം അളന്ന് നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ലഭ്യമാക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ 20-6-2015-ൽ ചേർന്ന പ്രത്യേക ജനറൽ കൗൺസിൽ യോഗം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് സ്ഥലം നൽകുന്ന വിഷയം പരിഗണിക്കുകയും വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി ഭൂമിയോ നഷ്ടപരിഹാരത്തുകയോ ലഭ്യമാക്കിയതിനുശേഷം മാത്രം സർവ്വകലാശാല ഭൂമി നൽകിയാൽ മതിയെന്ന് തീരുമാനിക്കുകയുമുണ്ടായി. ജില്ലാ വികസന സമിതി യോഗത്തിൽ ഇതുസംബന്ധമായി നടന്ന ചർച്ചയുടെ ഭാഗമായി ജില്ലാ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് സർവ്വകലാശാല വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി നൽകാമെന്നറിയിച്ച ചീമേനി ഭാഗത്തെ 15 കിലോമീറ്റർ ചുറ്റളവിലുള്ള സർക്കാർ ഭൂമി സർവ്വകലാശാലയ്ക്ക് സ്വീകാര്യമാണോ എന്ന് തീരുമാനമെടുക്കുന്നതിനായി പ്രസ്തുത നിർദ്ദേശം ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടേയും ജനറൽ കൗൺസിലിന്റേയും തീരുമാനത്തിന് വിധേയമായി, അനന്തര നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് മന്ത്രിസഭാ തീരുമാനപ്രകാരം 9-11-2012-ലെ സ.ഉ. (സാധ) നമ്പർ 2202/2012/കൃഷി സർക്കാർ ഉത്തരവിലൂടെ നീലേശ്വരം നഗരസഭയ്ക്ക് 2 ഏക്കർ സ്ഥലം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഉടൻ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് - കർഷകരുടെ എണ്ണം

205 (1678) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ആകെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം എത്ര; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നെൽ കൃഷി ചെയ്യുന്നവർ, കേര കർഷകർ, റബ്ബർ കർഷകർ എന്നിവരുടെ കണക്ക് പ്രത്യേകമായി നൽകുമോ;

(ഇ) ഓരോ വിഭാഗത്തിനും എത്ര രൂപയാണ് സബ്സിഡി അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ?